## പതിനാലാം കേരള നിയമസഭ
### രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1852** **05.10.2016-ൽ മറുപടിയ്ക്ക്**

**പ്രാക്തന ഗോത്ര വിഭാഗക്കാരുടെ ജീവിതനിലവാരം ഉയർത്തുന്നതിന് നടപടി**

**ചോദ്യം**

ശ്രീ.ബി.ഡി. ദേവസ്സി

**മറുപടി**

ശ്രീ.എ.കെ.ബാലൻ
(പട്ടികജാതി പട്ടികവർഗ്ഗ
പിന്നോക്കസമുദായക്ഷേമവും നിയമവും
സാംസ്കാരികവും പാർലമെന്ററികാര്യവും
വകുപ്പ് മന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | പ്രാക്തന ഗോത്ര വിഭാഗത്തിൽപ്പെട്ടവരുടെ ജീവിതനിലവാരം ഉയർത്തുന്നതിനുള്ള പ്രത്യേക പദ്ധതിപ്രകാരം ചാലക്കുടി മണ്ഡലത്തിൽപ്പെട്ട ആതിരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ ഷോളയാർ, ആനക്കയം, പെരിങ്ങൽ, പെരുമ്പാറ, വാഴച്ചാൽ തുടങ്ങിയ കാടർ കോളനികളിൽ നടപ്പാക്കുന്ന ഭവന നിർമ്മാണമടക്കമുള്ള വികസന പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | എ) | പി.വി.ടി.ജി പദ്ധതി പ്രകാരം തൃശ്ശൂർ ജില്ലയിലെ അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ ഷോളയാർ, ആനക്കയം, പെരിങ്ങൽക്കുത്ത്, പെരുമ്പാറ, വാഴച്ചാൽ എന്നീ പട്ടികവർഗ്ഗ സങ്കേതങ്ങളിൽ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.<br>**ഭവന നിർമ്മാണം**<br>ആകെ അനുവദിച്ച വീടുകൾ - 62 |

| അനുവദിച്ച ധനസഹായം | ശേഷിക്കുന്ന വീടുകൾ |
|---|---|
| പണിപൂർത്തിയാക്കിയ വീടുകൾ | 45 |
| 3 ഗഡുക്കൾ അനുവദിച്ച വീടുകൾ | 8 |
| 3-ാം ഗഡു പകുതി തുക അനുവദിച്ച വീടുകൾ | 2 |
| 2-ാം ഗഡു വീതം അനുവദിച്ച വീടുകൾ | 3 |
| ഒരു ഗഡു അനുവദിച്ച വീടുകൾ | 4 |
| **ആകെ** | **62** |

| | | | |
|---|---|---|---|
| | | | ടി കോളനികളിൽ വിവിധ മണ്ണ് സംരക്ഷണ പദ്ധതികൾ നടപ്പിലാക്കുകയും പദ്ധതി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| ബി) | നിർമ്മാണം ആരംഭിച്ച് 4 വർഷം പിന്നിട്ടിട്ടും പണി പൂർത്തീകരിക്കാത്തതു മൂലം പ്രസ്തുത കോളനികളിലെ കുടുംബങ്ങൾക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനും, പദ്ധതിയുടെ നിർവ്വഹണത്തിലുണ്ടായിട്ടുള്ള കെടുകാര്യസ്ഥതയും അഴിമതിയും സംബന്ധിച്ച ആക്ഷേപങ്ങൾ പരിശോധിച്ച് നടപടി എടുക്കുന്നതിനും കഴിയുമോ ; | ബി) | ശേഷിക്കുന്ന പണി പൂർത്തിയാക്കുന്നതിന് ആവശ്യമായ 25,50,000/-രൂപ പി.വി.റ്റി.ജി സ്കീമിലെ നീക്കിയിരുപ്പ് തുകയിൽ നിന്നും കോഴിക്കോട് ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ മുഖാന്തിരം അനുവദിച്ചിട്ടുണ്ട്. വീട് പണിയുമായി ബന്ധപ്പെട്ട അഴിമതിയും കെടുകാര്യസ്ഥതയും സംബന്ധിച്ച ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| സി) | ഇത്തരം വികസന പ്രവർത്തനങ്ങൾ സുതാര്യമായും, അതത് തദ്ദേശ സ്വയംഭരണ ജനപ്രതിനിധികളെ ഉൾപ്പെടുത്തിയും നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | സി) | പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നിലവിലെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായിട്ടാണ് പദ്ധതികൾ നടപ്പിലാക്കി വരുന്നത്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ